പാലക്കാട് ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് നിയമനം

79 (1945) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നൽകിയവരുടെ സംവരണം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(ബി) നിലവിൽ എത്രപേർക്കാണ് നിയമനം നൽകിയിട്ടുള്ളത് ; വിശദാംശം നൽകുമോ ;

(സി) നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ഡി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ നിലവിലുള്ള ഹെഡ്ക്വാർട്ടർ ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ ലഭിക്കുന്നതിലെ കാലതാമസം

80 (1946) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ തേടിയാൽ ഉടൻ തന്നെ മറുപടി നൽകാവുന്ന വിവരങ്ങൾ പോലും അനുവദിക്കപ്പെട്ടിട്ടുള്ളതിന്റെ അവസാന ദിവസം നൽകുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുമോ ;

(ബി) വിവരങ്ങൾ അപൂർണ്ണവും, സത്യവിരുദ്ധവുമായി നൽകുന്നവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കേണ്ടത് ;

(സി) ആവർത്തിച്ച് തെറ്റായ വിവരങ്ങൾ നല്കുന്ന ഓഫീസിനും ഓഫീസർക്കുമെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് നിയമം അനുശാസിക്കുന്നത് ;

(ഡി) വിവരാവകാശ നിയമത്തിന്റെ അന്തഃസത്തയും, സുതാര്യതയും, പൗരാവകാശവും സംരക്ഷിക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly